# ചിന്തനങ്ങൾ ചിന്തനീയങ്ങൾ

ഡോ. സി. ജി. രാമചന്ദ്രൻ നായർ



ചിന്തയുടെ മൗലികതകൊണ്ടും ഉൾക്കാഴ്ചകൊണ്ടും ശ്രദ്ധേയമാണ് ഡോ.സി.ജി.രാമചന്ദ്രൻനായരുടെ നിരീക്ഷണങ്ങൾ. ശാസ്ത്രമായാലും സാഹിത്യമായാലും സി.ജി കണ്ടെത്തുന്ന വസ്തുതകൾ എപ്പോഴും ഒരു പുതിയ അറിവിന്റെ ജാലകങ്ങൾ തുറന്നിടുന്നവയാണ്.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

വില Rs.60.00

SIL-2677

ISBN 817638016-4

9 788176 380164 >


# ചിന്തനങ്ങൾ ചിന്തനീയങ്ങൾ

ഡോ. സി. ജി. രാമചന്ദ്രൻ നായർ

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-679 601

1826 37

College Of Avian Sciences & Management
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1826 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*

**CHINTHANANGAL CHINTHANEEYANGAL**

*by*
Dr. C.G.Ramachandran Nair

*First Published* : July 2011

*Copies : 1000*

*Pre-press*
Soft & Soft, Sasthamangalam,
Thiruvananthapuram

*Printed at*
Mattathil Printers & Publishers Pvt.Ltd.,
Changanassery, 0481-2429320

*Published by*
**State Institute of Languages**

Kerala State Institute of Languages 2011
Thiruvananthapuram- 3

**Price : Rs. 60/-**

*ISBN 978-81-7638-016-4*

*Published with financial assistance from Government of India, Commission for Scientific and Technical Terminology, Ministry of Human Resource Development (Department of Secondary of Higher Education.)*

*SIL/ 2677* *FT. 1656*

# ചിന്തനങ്ങൾ
# ചിന്തനീയങ്ങൾ

**ഡോ. സി.ജി. രാമചന്ദ്രൻ നായർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

*ജനറൽ എഡിറ്റർ*
ഡോ. എം.ആർ. തമ്പാൻ

*എഡിറ്റർ & പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്*
എൻ. ജയകൃഷ്ണൻ

*കവർ ഡിസൈൻ*
ബ്യൂഗിൾബീസ്

---

*General Editor*
**Dr. M.R. Thampan**

*Editor & Production Executive*
**N. Jayakrishnan**

*Cover design*
**Bugilbees**

# ആമുഖം

**ശാ**സ്ത്രം കലയിൽ നിന്ന് എങ്ങനെ ഭിന്നമാകുന്നു എന്ന അതിലളിതമായ ചോദ്യത്തിന് വളരെയേറെ ഉത്തരങ്ങൾ ലഭിച്ചുകഴിഞ്ഞ ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. എന്നാൽ പരസ്പര ഭിന്നമായ ശാസ്ത്രവും കലയും എങ്ങനെ സമഞ്ജസമായി സമന്വയിക്കുന്നു എന്ന ചോദ്യത്തിന് ഇന്ന് വളരെയേറെ പ്രസക്തിയുണ്ട്. ശാസ്ത്രത്തിന് ശാസ്ത്രമായി മാത്രവും കലയ്ക്ക് കലയായി മാത്രവും നിലനിൽക്കാൻ കഴിയില്ല. ശാസ്ത്രകാരനിലെ കലാകാരനും കലാകാരനിലെ ശാസ്ത്രകാരനും ഒന്നിച്ചുനിൽക്കുന്ന കാഴ്ച പക്ഷേ നമുക്കിടയിൽ അപൂർവമാണ് താനും. ഡോ. സി.ജി.രാമചന്ദ്രൻ നായർ എന്ന ശാസ്ത്രകാരന്റെ മനനങ്ങളും എഴുത്തുകളും ഈ അപൂർവമായി മറികടക്കുന്ന ഒന്നാണ്. വിരസമായ ശാസ്ത്രസത്യങ്ങൾ പോലും രസകരമായും കാവ്യാത്മകമായും അവതരിപ്പിക്കുന്നതിൽ സി.ജി.ആറിനെപ്പോലെ കൃതഹസ്തരായവർ മലയാളത്തിൽ അധികമില്ല. പലപ്പോഴും അദ്ദേഹത്തിലെ ശാസ്ത്രകാരനിൽ ഒരു കവിയോ കലാകാരനോ നിഗൂഢമായി പുഞ്ചിരിക്കുന്നത് ആ ശാസ്ത്രപഠനങ്ങൾ വായിക്കുമ്പോൾ കാണാൻ കഴിയും. എന്തുപറയുന്നു എന്നല്ല എങ്ങനെ പറയുന്നു എന്നതാണ് സി.ജി.ആറിനെ സംബന്ധിച്ച് പ്രധാനം. താൻ കൈകാര്യം ചെയ്യുന്ന വിഷയം അതേതായാൽപ്പോലും അതിലുള്ള അവഗാഹവും ആഴത്തിലുള്ള ചിന്തയുമാണ് സി.ജി. രാമചന്ദ്രൻ നായരെ വ്യത്യസ്തനാക്കുന്നത്. സൗമ്യോദാരം എന്ന വാക്ക് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനെപ്പോലെ എഴുത്തിനും ശോഭിക്കും. പരന്ന വായനയും പ്രൗഢമായ ചിന്തയുമാണ് സി.ജി.ആറിന്റെ കൈമുതൽ. ചിന്തനീയങ്ങൾ എന്ന ശീർഷകം തന്നെ ഒരു കാവ്യാത്മകമനസ്സിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. ചിന്തനങ്ങൾ ചിന്തയാണ്. ചിന്തനീയങ്ങൾ എന്നാൽ ചിന്തിക്കാവുന്നത് എന്നാണർത്ഥം. ചിന്തിക്കുന്നതും ചിന്തിക്കാവുന്നതുമായ വിഷയങ്ങളെ മനോഹരമായി കോർത്തെടുത്ത ഒരു സമാഹാരമാണ് ഈ പുസ്തകം.

വൈജ്ഞാനികസാഹിത്യശാഖയിൽപ്പെടുന്ന 28 ലേഖനങ്ങളുടെ സമാഹാരമാണ് "ചിന്തനങ്ങൾ ചിന്തനീയങ്ങൾ". അഥർവവും ആർതർ.സി.ക്ലാർക്കും ജൈവസാങ്കേതികവിദ്യയും ചാന്ദ്രയാനും ഈ താളുകളിൽ മൗലികമായ പുതുമകളോടെ പ്രത്യക്ഷപ്പെടുന്നു. ശാസ്ത്രസത്യത്തോടൊപ്പം ശാകുന്തളവും ഇതൾ വിരിയുന്നു. സാം പിത്രോദയയോടൊപ്പം ഗൗതമബുദ്ധനും നമ്മിലേക്ക് സൗമ്യമായി കടന്നുവരുന്നു. ഇനിയുമെന്തേ പറയാത്തത് എന്ന് വായനക്കാരനെക്കൊണ്ട് ചോദിപ്പിക്കുന്ന ചിന്തനങ്ങളും ചിന്തനീയങ്ങളും ചിന്തിക്കുന്ന തലമുറയ്ക്ക് ഒരു മാർഗദീപമായിത്തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങൾ അഭിമാനപുരസരം പ്രകാശിപ്പിക്കുന്നു.

26-7-11 **ഡോ.എം.ആർ.തമ്പാൻ**
തിരുവനന്തപുരം **എൻ. ജയകൃഷ്ണൻ**

# പ്രവേശിക

**വി**ജ്ഞാനം സഹസ്രശീർഷമാണെന്നു പറയാറുണ്ട്. അനുനിമിഷം വളർന്നു വികസിച്ചു കൊണ്ടിരിക്കുന്ന ആധുനികവിജ്ഞാനം സഹസ്രശീർഷമല്ല, കോടിശീർഷം എന്നുപറഞ്ഞാൽപ്പോലുമാകില്ല, അനന്തശീർഷം എന്നുതന്നെ പറയണം!

എത്രയെത്ര ശാഖകൾ, ഉപശാഖകൾ, മനുഷ്യമനസ്സിന് ഉൾക്കൊള്ളാൻ കഴിയാത്തത്ര അനന്തമായി വിജ്ഞാനം പരന്നുകിടക്കുന്നു. നമ്മെ ആശ്ചര്യപരതന്ത്രരാക്കുന്ന ബാഹ്യപ്രപഞ്ച വിജ്ഞാനം ഒരുവശത്തും, അതിലും എത്രയും കൂടുതൽ വിസ്മയകരം എന്നു തോന്നിപ്പിക്കുന്ന ആന്തരിക വിജ്ഞാനം മറ്റൊരുവശത്തും!

ഇതെല്ലാം തന്റെ കൈക്കുമ്പിളിൽ ആക്കാനുള്ള ശ്രമമാണ് അനാദികാലം മുതൽ മനുഷ്യൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതു തനിക്കു സുസാധ്യമല്ലെന്ന് അവനറിയാം. എങ്കിലും ജ്ഞാനദാഹിയായ മനുഷ്യൻ പിൻമാറുന്നില്ല; ശ്രമം തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ ശ്രമത്തിന്റെ നിദർശനമാണു വിജ്ഞാനസാഹിത്യം.

ജീവിതം എന്ന സമസ്യ ഒരു മഹാത്ഭുതമായി തുടരുന്നു. ഇതിന്റെ മുമ്പിൽ അമ്പരന്നു നിൽക്കുന്ന മനുഷ്യന്റെ വൈകാരികമായ അനുരണനങ്ങളുടെ പ്രതികരണമാണു സർഗസാഹിത്യം. ഇതു ചിരസ്ഥായിയാണ്, മനുഷ്യകഥാനുഗായി ആണ്. കാലം സർഗസാഹിത്യത്തിനു മങ്ങലേൽപ്പിക്കുന്നില്ല. അതൊരിക്കലും പുതുക്കേണ്ടി വരികയില്ല. ഷേക്സ്പീയറുടെയോ കാളിദാസന്റെയോ ഒരു വരിപോലും മാറ്റി എഴുതാൻ ആരും തുനിയുകയില്ലല്ലൊ!

എന്നാൽ വൈജ്ഞാനികസാഹിത്യം അങ്ങനെയല്ല. അതു പെട്ടെന്നു "പഴഞ്ച"നായിപ്പോകുന്നു! വിജ്ഞാനം അതിശീഘ്രം വികസിക്കുന്നതിനാൽ വൈജ്ഞാനിക സാഹിത്യം പലപ്പോഴും പുതുക്കിക്കൊണ്ടി

രിക്കേണ്ടി വരുന്നു. വൈജ്ഞാനിക സാഹിത്യത്തിന്റെ ഒരു മുഖ്യവിഭാഗമായ ശാസ്ത്ര സാഹിത്യമാകട്ടെ, അനുദിനമെന്നോണം പുതുക്കപ്പെടേണ്ടിവരുന്ന സാഹിത്യശാഖയുമാണ്.

കലകളിൽ ശ്രേഷ്ഠമാണു സാഹിത്യം. സാഹിത്യമാണു മനുഷ്യസംസ്കാരത്തിന്റെ നിദർശനം. മനുഷ്യജീവിതത്തിനു സാഫല്യം നൽകുന്നതു സാഹിത്യാസ്വാദനമാണ്. തന്റെ തുലോം ഹ്രസ്വവും പരിമിതവും ആയ ജീവിതത്തിനിടയിൽ, മറ്റുതിരക്കുകൾക്കിടയിൽ, സാഹിത്യാസ്വാദനത്തിനു സമയം കണ്ടെത്തുന്ന മനുഷ്യൻ ഭാഗ്യവാനാണ്. വായനയാണ് ആദ്യപടി. കുറെയധികം വായിച്ചുകഴിയുമ്പോൾ, ഇതാ വരുന്നു ഒരു ഉൾപ്രേരണ! ഇനി എഴുതണം! എഴുതിയേ മതിയാവൂ! ഇതത്രെ എഴുത്തുകാരന്റെ കുരിശനുഭവം.

അദമ്യമായ ഈ ഉൾപ്രേരണയുടെ ഫലമാണ് ഈ പുസ്തകം. വൈജ്ഞാനിക സാഹിത്യശാഖയിൽ പെടുത്താവുന്ന ചില ലേഖനങ്ങളുടെ സമാഹാരമാണിത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിനും ഡയറക്ടർ ഡോ. എം.ആർ. തമ്പാനും സഹപ്രവർത്തകർക്കും എന്റെ നന്ദി. ഈ ഗ്രന്ഥരചനയിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുകയും ചെയ്ത എൻ. ജയകൃഷ്ണനോടു ഞാൻ കൃതജ്ഞനാണ്.

30 ജൂൺ 2011 **ഡോ. സി.ജി. രാമചന്ദ്രൻ നായർ**
തിരുവനന്തപുരം

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ഭാരതത്തിന്റെ ശാസ്ത്രപാരമ്പര്യം | 1 |
| 2. | വലിയ പ്രപഞ്ചവും ചെറിയ മനുഷ്യരും | 6 |
| 3. | പാണ്ഡിത്യത്തിന്റെ അഹങ്കാരം | 9 |
| 4. | ചെറിയ വലിയ കാര്യങ്ങൾ | 11 |
| 5. | ഉള്ളതുകൊണ്ടു തൃപ്തിപ്പെടരുത് | 13 |
| 6. | ഉത്കൃഷ്ട ചിന്തകളുടെ സാർവജനീനത | 15 |
| 7. | മദർതെരേസയുടെ ഉപദേശങ്ങൾ | 18 |
| 8. | "നിംബി" | 21 |
| 9. | അടിമയുടെ അടിമ | 23 |
| 10. | സത്യം വദ, ധർമം ചര | 25 |
| 11. | ശാസ്ത്രം ജനനന്മയ്ക്കായി | 27 |
| 12. | വിദ്യാഭ്യാസം സർവപ്രധാനമായ ആവശ്യം | 30 |
| 13. | അറിയുമോ മഹാനായ ഈ സാങ്കേതികശാസ്ത്രജ്ഞനെ? | 32 |
| 14. | സയൻസ് ഫിക്ഷൻ | 36 |
| 15. | ആർതർ സി. ക്ലാർക്ക് | 40 |
| 16. | നിഷ്പക്ഷതയുടെ ധാർമികത | 45 |
| 17. | ആധുനിക ശാസ്ത്രവും ആധ്യാത്മികതയും | 47 |
| 18. | ജനജീവിതസ്പർശിയായ ശൂന്യാകാശ ഗവേഷണം | 50 |
| 19. | വിവരസാങ്കേതികവിദ്യയും ദാരിദ്ര്യനിർമാർജനവും | 59 |
| 20. | ജൈവസാങ്കേതികവിദ്യയും ഔഷധരൂപകൽപ്പനയും | 65 |
| 21. | ശാസ്ത്രവും വികസനവും | 70 |
| 22. | ശാസ്ത്രജ്ഞന്റെ ധർമസങ്കടം | 77 |
| 23. | ആശയവിനിമയം ശാസ്ത്രസാങ്കേതിക മണ്ഡലങ്ങളിൽ | 82 |
| 24. | ചില ശബ്ദാവലീ ചിന്തകൾ | 90 |
| 25. | പ്രപഞ്ചം എന്ന വിസ്മയം | 92 |
| 26. | മനുഷ്യൻ, പ്രപഞ്ചം, ദൈവം | 97 |
| 27. | നവവത്സര ചിന്തകൾ | 101 |
| 28. | വിജയീഭവ | 104 |